**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 210** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി. വഴി മരുന്നുകൾക്കായുള്ള ഓർഡർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കുമായി 2023-24 സാമ്പത്തിക വർഷത്തിൽ കെ.എം.എസ്.സി. എൽ. വഴി എത്ര രൂപയുടെ മരുന്നുകൾക്കാണ് ഓർഡർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കുമായി 2023-24 സാമ്പത്തിക വർഷത്തിൽ 22.1.2024 വരെ കെ.എം.എസ്.സി. എൽ. വഴി 635.75 കോടി രൂപയുടെ മരുന്നുകൾക്കുള്ള വിതരണോത്തരവുകളാണ് നൽകിയിട്ടുള്ളത്. |
| (ബി) | മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക്, പി.എച്ച്.സി., സി.എച്ച്.സി. അടക്കമുള്ള ഓർഡറിന്റെ വിശദാംശം നൽകാമോ; | (ബി) | മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക്, പി.എച്ച്.സി., സി.എച്ച്.സി., അടക്കമുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ ഓരോയിനം മരുന്നുകൾക്കും ഒരു പർച്ചേസ് ഓർഡായിട്ടാണ് നൽകുന്നത്.<br><br>അതനുസരിച്ച് ഓരോ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിലും എത്തിച്ചേരുന്ന മരുന്നുകൾ, പ്രസ്തുത ജില്ലയിലെ വിവിധ തലങ്ങളിലുള്ള ആശുപത്രികൾ ഫിനാൻഷ്യൽ ക്യാപ്പിന് അനുസൃതമായി സമർപ്പിച്ചിട്ടുള്ള ഇൻഡന്റ് അനുസരിച്ചാണ് മരുന്നു വിതരണം നടത്തുന്നത്.<br><br>അത്തരത്തിൽ സംസ്ഥാനത്തെ **14** ജില്ലകളിലെയും വിവിധ ആശുപത്രി തലങ്ങളിൽ നിന്നും ലഭിച്ച ഇൻഡന്റ് മൂല്യത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതിൽ നിലവിൽ എത്ര തുകയ്ക്കുള്ള മരുന്നാണ് ആശുപത്രികളിൽ എത്തിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ; | (സി) | **2023-24** സാമ്പത്തിക വർഷം ഇതുവരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ **554.34** കോടി രൂപയ്ക്കുള്ള മരുന്നുകളാണ് **1570 -**ൽ പരം സർക്കാർ ആശുപത്രികളിലായി വിതരണം നടത്തിയിട്ടുള്ളത്. |
| (ഡി) | ഓർഡർ നൽകിയ മരുന്നുകളിൽ നിലവിൽ സ്റ്റോക്ക് ഇല്ലാത്ത മരുന്നുകളുടെ വിശദാംശം നൽകാമോ; | (ഡി) | നിലവിൽ സംസ്ഥാനത്തെ സംഭരണ ശാലകളിലേയും ആശുപത്രികളിലേയും സ്റ്റോക്ക് പൊസിഷൻ പരിശോധിക്കുമ്പോൾ എല്ലാ മരുന്നുകളും സംസ്ഥാനത്ത് ലഭ്യമാണ്. ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഈ മരുന്നുകളുടെ ലഭ്യതയിൽ |

| | | | |
|---|---|---|---|
| | | | ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയത് ആശുപത്രികൾ തമ്മിലുള്ള മരുന്ന് കൈമാറ്റം, ജില്ലകളിലെ മരുന്ന് സംഭരണശാലകൾ തമ്മിലുള്ള മരുന്ന് കൈമാറ്റം എന്നിവ വഴി പരിഹരിക്കുന്നു. |
| (ഇ) | നിലവിൽ ആശുപത്രികൾക്ക് വിതരണം ചെയ്ത മരുന്നുകളിൽ എല്ലാ ബാച്ചുകളുടെയും ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ? | (ഇ) | ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം ഉണ്ട് എന്ന് ഉറപ്പുവരുത്തിയ ശേഷം പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. കൂടാതെ ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനു മുൻപ് ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. (National Accreditation Board for Testing and Calibration Laboratories) അംഗീകൃത ലാബ് (NABL Accredited lab) അല്ലെങ്കിൽ ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്രമരുന്നു പരിശോധനാ ലബോറട്ടറിയിൽ (CDL/NIB) നിന്നുമുള്ള ഗുണനിലവാര പരിശോധനാഫലവും ഔഷധ നിർമാതാവിന്റെ ഇൻഹൗസ് ടെസ്റ്റ് റിപ്പോർട്ടും ഇൻവോയിസ് കോപ്പിയും പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷമാണ് ജില്ലാ മരുന്നുസംഭരണശാലകളിൽ സംഭരണ വിതരണത്തിനായി സ്വീകരിക്കുന്നത്. ഇപ്രകാരം ഗുണനിലവാരം ഉറപ്പു വരുത്തിയ മരുന്നുകൾ മാത്രമാണ് കോർപ്പറേഷൻ മുഖേന സംഭരിച്ചു വിതരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **210** | **29.01.2024** ൽ മറുപടിയ്ക്ക്

**കെ.എം.എസ്.സി. വഴി മരുന്നുകൾക്കായുള്ള ഓർഡർ**

| | ചോദ്യം<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | മറുപടി<br>വീണാ ജോർജ്ജ്<br>(ആരോഗ്യ വനിതാ-ശിശുവികസന വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കുമായി 2023-24 സാമ്പത്തിക വർഷത്തിൽ കെ.എം.എസ്.സി. എൽ. വഴി എത്ര രൂപയുടെ മരുന്നുകൾക്കാണ് ഓർഡർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികൾക്കുമായി 2023-24 സാമ്പത്തിക വർഷത്തിൽ 22.1.2024 വരെ കെ.എം.എസ്.സി. എൽ. വഴി 635.75 കോടി രൂപയുടെ മരുന്നുകൾക്കുള്ള വിതരണോത്തരവുകളാണ് നൽകിയിട്ടുള്ളത്. |
| (ബി) | മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക്, പി.എച്ച്.സി., സി.എച്ച്.സി. അടക്കമുള്ള ഓർഡറിന്റെ വിശദാംശം നൽകാമോ; | (ബി) | മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക്, പി.എച്ച്.സി., സി.എച്ച്.സി., അടക്കമുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ ഓരോയിനം മരുന്നുകൾക്കും ഒരു പർച്ചേസ് ഓർഡായിട്ടാണ് നൽകുന്നത്.<br><br>അതനുസരിച്ച് ഓരോ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിലും എത്തിച്ചേരുന്ന മരുന്നുകൾ, പ്രസ്തുത ജില്ലയിലെ വിവിധ തലങ്ങളിലുള്ള ആശുപത്രികൾ ഫിനാൻഷ്യൽ ക്യാപ്പിന് അനുസൃതമായി സമർപ്പിച്ചിട്ടുള്ള ഇൻഡന്റ് അനുസരിച്ചാണ് മരുന്നു വിതരണം നടത്തുന്നത്.<br><br>അത്തരത്തിൽ സംസ്ഥാനത്തെ **14** ജില്ലകളിലെയും വിവിധ ആശുപത്രി തലങ്ങളിൽ നിന്നും ലഭിച്ച ഇൻഡന്റ് മൂല്യത്തിന്റെ വിശദാംശങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.<br><br>**ആശുപത്രിതലം/വിഭാഗം** — **ഇൻഡന്റ് മൂല്യം (രൂപ)**<br>24X7 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ — 31,24,10,496.90/-<br>സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ — 76,90,68,939.50/-<br>ജില്ലാ ആശുപത്രികൾ — 53,95,85,384.30/-<br>ജനറൽ ആശുപത്രികൾ — 64,90,77,882.30/-<br>മെഡിക്കൽ കോളേജുകൾ — 197,81,43,336.00/-<br>പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ — 50,60,47,510.20/-<br>താലൂക്ക് ആശുപത്രികൾ — 77,75,46,044.70/- |
| (സി) | ഇതിൽ നിലവിൽ എത്ര തുകയ്ക്കുള്ള | (സി) | **2023-24** സാമ്പത്തിക വർഷം ഇതുവരെ കേരള |

| | | | |
|---|---|---|---|
| | മരുന്നാണ് ആശുപത്രികളിൽ എത്തിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ; | | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ **554.34** കോടി രൂപയുടെ മരുന്നുകളാണ് **1570** –ൽ പരം സർക്കാർ ആശുപത്രികളിലായി വിതരണം നടത്തിയിട്ടുള്ളത്. |
| (ഡി) | ഓർഡർ നൽകിയ മരുന്നുകളിൽ നിലവിൽ സ്റ്റോക്ക് ഇല്ലാത്ത മരുന്നുകളുടെ വിശദാംശം നൽകാമോ; | (ഡി) | നിലവിൽ സംസ്ഥാനത്തെ സംഭരണ ശാലകളിലേയും ആശുപത്രികളിലേയും സ്റ്റോക്ക് പൊസിഷൻ പരിശോധിക്കുമ്പോൾ എല്ലാ മരുന്നുകളും സംസ്ഥാനത്ത് ലഭ്യമാണ്. ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഈ മരുന്നുകളുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയത് ആശുപത്രികൾ തമ്മിലുള്ള മരുന്ന് കൈമാറ്റം, ജില്ലകളിലെ മരുന്ന് സംഭരണശാലകൾ തമ്മിലുള്ള മരുന്ന് കൈമാറ്റം എന്നിവ വഴി പരിഹരിക്കുന്നു. |
| (ഇ) | നിലവിൽ ആശുപത്രികൾക്ക് വിതരണം ചെയ്ത മരുന്നുകളിൽ എല്ലാ ബാച്ചുകളുടെയും ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ? | (ഇ) | ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം ഉണ്ട് എന്ന് ഉറപ്പുവരുത്തിയ ശേഷം പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. കൂടാതെ ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനു മുൻപ് ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. (National Accreditation Board for Testing and Calibration Laboratories) അംഗീകൃത ലാബ് (NABL Accredited lab) അല്ലെങ്കിൽ ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്രമരുന്നു പരിശോധനാ ലബോറട്ടറിയിൽ (CDL/NIB) നിന്നുമുള്ള ഗുണനിലവാര പരിശോധനാഫലവും ഔഷധ നിർമാതാവിന്റെ ഇൻഹൗസ് ടെസ്റ്റ് റിപ്പോർട്ടും ഇൻവോയിസ് കോപ്പിയും പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷമാണ് ജില്ലാ മരുന്നുസംഭരണശാലകളിൽ സംഭരണ വിതരണത്തിനായി സ്വീകരിക്കുന്നത്. ഇപ്രകാരം ഗുണനിലവാരം ഉറപ്പ് വരുത്തിയ മരുന്നുകൾ മാത്രമാണ് കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ